നം.**DDDKER/2934/2023-C2**

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:-03-07-2026

## സർക്കുലർ നം. 27 / 2026

വിഷയം :- ക്ഷീര വികസന വകുപ്പ് - ഡയറക്ടറേറ്റ് - സഹകരണം - പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ മുൻകൂർ അനുമതി കൂടാതെ ആസ്തി സ്വരൂപണം നടത്തുന്നത് - കേരള സഹകരണ സംഘം ചട്ടം 54 (1)-ലെ വ്യവസ്ഥകൾക്ക് ഇളവ് നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1. SRO നം. 83/2020, തീയതി: 27.01.2020.

2. ഈ കാര്യാലയത്തിലെ 21.11.2023-ലെ ഇതേ നമ്പർ കത്ത്.

3. SRO നം. 267/2026 തീയതി: 27.02.2026.

ക്ഷീര വികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ മുൻകൂർ അനുമതി കൂടാതെ വസ്തു വാങ്ങിയതിനും, കെട്ടിടം നിർമ്മിച്ചതിനും അംഗീകാരം നൽകുന്നതിലേക്കായി നിരവധി അപേക്ഷകൾ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ശുപാർശയോടെ ഈ കാര്യാലയത്തിൽ ലഭിച്ചുവരുന്നു. 1969-ലെ കേരള സഹകരണ നിയമം ചട്ടം 54-ൽ അനുശാസിക്കുന്ന പ്രകാരം സംഘത്തിന്റെ വ്യാപാര ആവശ്യത്തിലേയ്ക്കായി മുൻകൂർ അനുമതി കൂടാതെ ഭൂമി വാങ്ങുന്നതിനോ പാട്ടത്തിനെടുക്കുന്നതിനോ, കെട്ടിടം പണിയുന്നതിനോ പുതുക്കുന്നതിനോ, വസ്തു പാട്ടത്തിനെടുക്കുന്നതിനോ വാങ്ങുന്നതിനോ ഈ ഓഫീസിൽ നിന്നും അംഗീകാരം നൽകാൻ കഴിയാത്തതിനാൽ, 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 101 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പ്രസ്തുത നിബന്ധനകൾക്ക് സർക്കാരിൽ നിന്നും ഇളവനുവദിച്ച് ഉത്തരവാകേണ്ടതുണ്ട്.

പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ ഭരണ വകുപ്പിന്റെ മുൻകൂർ അനുമതി കൂടാതെ സംഘത്തിന്റെ വ്യാപാര ആവശ്യത്തിലേയ്ക്കായി ഭൂമി വാങ്ങുന്നതിനോ പാട്ടത്തിനെടുക്കുന്നതിനോ, കെട്ടിടം പണിയുന്നതിനോ പുതുക്കുന്നതിനോ, വസ്തു പാട്ടത്തിനെടുക്കുന്നതിനോ വാങ്ങുന്നതിനോ അന്തിമ അംഗീകാരം നൽകുവാൻ സംഘം രജിസ്റ്റർ ചെയ്ത തീയതി മുതൽ 31.03.2019 വരെയുള്ള കാലയളവിലേയ്ക്ക് ക്ഷീര സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തി സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 31.03.2019-ന ശേഷമുള്ള ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്കുകൂടി അന്തിമ അംഗീകാരം നൽകുന്നതിനായി രജിസ്ട്രാർക്ക് അനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിൻ്റെ അടിസ്ഥാനത്തിൽ 31.03.2019-ന ശേഷം ഇത്തരത്തിൽ മുൻകൂർ അനുമതി വാങ്ങാതെ സംഘം വ്യാപാര ആവശ്യത്തിലേയ്ക്കായി ഭൂമി വാങ്ങുന്നതിനോ പാട്ടത്തിനെടുക്കുന്നതിനോ, കെട്ടിടം പണിയുന്നതിനോ പുതുക്കുന്നതിനോ, വസ്തു പാട്ടത്തിനെടുക്കുന്നതിനോ വാങ്ങുന്നതിനോ **ടി പ്രവൃത്തി മൂലം സംഘത്തിനു ഒരു തരത്തിലുമുള്ള സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലെന്നും സംഘം സമർപ്പിച്ച രേഖകൾ എല്ലാം തന്നെ കൃത്യമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും സംഘം രജിസ്റ്റർ ചെയ്ത തീയതി മുതൽ സർക്കാർ ഉത്തരവ് തീയതിയായ 27.02.2026 വരെയുള്ള കാലയളവിലേയ്ക്കും അന്തിമ അംഗീകാരം** നൽകുവാൻ ക്ഷീര സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി സൂചന (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ മുൻകൂർ അനുമതി കൂടാതെ സംഘത്തിന്റെ വ്യാപാര ആവശ്യത്തിലേയ്ക്കായി ഭൂമി വാങ്ങുന്നതിനോ പാട്ടത്തിനെടുക്കുന്നതിനോ, കെട്ടിടം പണിയുന്നതിനോ പുതുക്കുന്നതിനോ, വസ്തു പാട്ടത്തിനെടുക്കുന്നതിനോ വാങ്ങുന്നതിനോ അന്തിമ അനുമതി ലഭിക്കുന്നതിനായി ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ടി അപേക്ഷകളുടെ നിജസ്ഥിതി പരിശോധിച്ച്, സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്നും ഉറപ്പാക്കി വ്യക്തമായ അഭിപ്രായത്തോടും ശിപാർശയോടും കൂടി ആയത് ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിലുള്ള അപേക്ഷയോടൊപ്പം മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ്, ശുപാർശ, മൂല്യനിർണ്ണയ സമതിയുടെ മിനിട്ട്സ് എന്നിവ ഉള്ളടക്കം ചെയ്യേണ്ടതാണ്.

Digitally signed by
SALINI GOPINATH
Date: 03-07-2026
17:16:32

**ഡയറക്ടർ / ക്ഷീര സഹകരണ സംഘം രജിസ്ട്രാർ**

**എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും**

**എല്ലാ ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും**

പകർപ്പ്ഃ- 1) ജോയിന്റ് ഡയറക്ടർ (ജനറൽ)

2) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)

3) ക്ഷീര വികസന ഓഫീസർ(സഹകരണ സെൽ )

4) സൂപ്രണ്ട് സി, ജി സെക്ഷനുകൾ

5) ഡയറി ഫാം ഇൻസ്ട്രക്ടർ ( *ഐ റ്റി സെൽ - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി* )